# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : **731** — 07.11.2016-ലെ മറുപടിയ്ക്ക്

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ഡോ.എൻ. ജയരാജ്<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.സി.എഫ്.തോമസ് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും<br>വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജീവനക്കാരുടെ ഹാജർ പരിശോധിക്കാൻ നിലവിൽ എന്ത് സംവിധാനമാണുള്ളത്; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഹാജർ പരിശോധിക്കുന്നതിന് സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കും, പഞ്ചായത്ത് പ്രസിഡന്റ്/ നഗരസഭ ചെയർമാൻ/ കോർപ്പറേഷൻ മേയർ എന്നിവർക്കും അധികാരമുണ്ട്. ഗ്രാമവികസന കമ്മീഷണറേറ്റിലും, കോഴിക്കോട് കോർപ്പറേഷനിലും, മലപ്പുറം, കാസർഗോഡ് എന്നീ നഗരസഭകളിലും ബയോ മെട്രിക് പഞ്ചിംഗ് സംവിധാനം നിലവിലുണ്ട്. മറ്റ് സ്ഥാപനങ്ങളിൽ ഹാജർ പുസ്തകം, ആകസ്മികാവധി രജിസ്റ്റർ എന്നിവയിലാണ് ഹാജർ/അവധി സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നത്. |
| (ബി) | സെക്രട്ടേറിയറ്റ്, പി.എസ്.സി തുടങ്ങിയ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള തരം ബയോമെട്രിക് പഞ്ചിംഗ് സംവിധാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തുമോ; | (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ബയോ മെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |
| (സി) | പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിൽ എന്തെങ്കിലും തടസമുണ്ടോ; | (സി) | തടസ്സമില്ല. |
| (ഡി) | ബയോമെട്രിക് പഞ്ചിംഗ് സംവിധാനം എന്നത്തേക്ക് നടപ്പിൽ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്

നിലവിൽ ഗ്രാമവികസന കമ്മീഷണറേറ്റിലും കോഴിക്കോട് കോർപ്പറേഷനിലും, മലപ്പുറം, കാസർഗോഡ് നഗരസഭകളിലും ബയോ മെട്രിക് പഞ്ചിംഗ് സംവിധാനം വഴിയാണ് ഹാജർ രേഖപ്പെടുത്തുന്നത്. പഞ്ചായത്ത് വകുപ്പിലും നഗരകാര്യ വകുപ്പിലും ജീവനക്കാരുടെ ഹാജർ രേഖപ്പെടുത്തുന്നതിനും പരിശോധിക്കുന്നതിനുമായി ഹാജർ പുസ്തകവും ആകസ്മികാവധി രജിസ്റ്ററും പരിപാലിക്കുന്നുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹാജർ രേഖപ്പെടുത്തുന്നത് സുതാര്യവും, ജീവനക്കാരുടെ സേവനം കൂടുതൽ കാര്യക്ഷമവുമാക്കുന്നതിന് ബയോ മെട്രിക് പഞ്ചിംഗ് സംവിധാനം ഉപകരിക്കുമോ എന്ന് പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

ഗ്രാമവികസന വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിൽ ബയോ മെട്രിക് പഞ്ചിംഗ് ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത് ഓഫീസുകൾക്ക് ISO അംഗീകാരം നേടുന്നതിനുള്ള നടപടികളുടെ ഭാഗമായി ആവശ്യമെങ്കിൽ, ബയോ മെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. മാത്രമല്ല, നഗരസഭകൾക്കും, കോർപ്പറേഷനുകൾക്കും ഇത് സംബന്ധിച്ച് ആവശ്യമായ തീരുമാനമെടുക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**